

സൂര്യപ്രകാശംപോലെ സുവ്യക്തമായ യാഥാർഥ്യം എങ്ങനെ മൂടിവെച്ചാലും ഏതെങ്കിലും സുഷിരങ്ങളിലൂടെ കിരണങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കും. യഹൂദ ഗൂഢാലോചനയുടെ മൂടുപടം തുളച്ചു കടക്കുന്ന സാക്ഷ്യങ്ങൾ തൗറാത്തിൽ ഇന്നുമുണ്ട്.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ – 22

# അൽഹജ്ജ്

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ
لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾

26. ഇബ്റാഹീമിനു കഅ്ബാ മന്ദിരത്തിന്റെ സ്ഥാനം നിർണയിച്ചു കൊടുത്തപ്പോൾതന്നെ നാം കൽപിച്ചിട്ടുണ്ടായിരുന്നു: എന്റെ ദിവ്യത്വത്തിൽ യാതൊന്നിനെയും പങ്കാളിയാക്കിക്കൂടാ. പ്രദക്ഷിണം ചെയ്യുന്നവർക്കും നിൽക്കുന്നവർക്കും നമിക്കുന്നവർക്കും സാഷ്ടാംഗ പ്രണാമം ചെയ്യുന്നവർക്കുമായി എന്റെ ഭവനം ശുദ്ധീകരിച്ചു വെയ്ക്കേണം.

وَأَذِّن فِى ٱلنَّاسِ بِٱلْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ
مِن كُلِّ فَجٍّ عَمِيقٍ ﴿٢٧﴾

27. ഈ മന്ദിരത്തിലേക്കു തീർഥാടനം ചെയ്യാൻ ജനത്തിൽ വിളംബരം ചെയ്യുക. കാൽനടയായും വാഹനങ്ങളിലേറിയും അഗാധമായ മലമ്പാതകളൊക്കെയും താണ്ടി അവർ നിന്റെയടുക്കൽ വന്നെത്തിക്കൊള്ളും;

**26 | 27**

ഇബ്റാഹീമിന് നാം പാർപ്പിടമൊരുക്കിയപ്പോൾ(നിർണയിച്ചുകൊടുത്തപ്പോൾ തന്നെ കൽപിച്ചിട്ടുണ്ടായിരുന്നു) = وَإِذْ بَوَّأْنَا لِإِبْرَٰهِيمَ

(കഅ്ബ) മന്ദിരത്തിന്റെ സ്ഥാനം = مَكَانَ ٱلْبَيْتِ

യാതൊന്നിനെയും = شَيْـًٔا നീ എന്റെ ദിവ്യത്വത്തിൽ പങ്കാളിയാക്കാതിരിക്കൽ(ളിയാക്കി ക്കൂടാ) = أَن لَّا تُشْرِكْ بِى

പ്രദക്ഷിണം ചെയ്യുന്നവർക്ക് = لِلطَّآئِفِينَ നീ എന്റെ ഭവനം ശുദ്ധിയാക്കിവെയ്ക്കേണം = وَطَهِّرْ بَيْتِىَ

നിൽക്കുന്നവർക്കും = وَٱلْقَآئِمِينَ

وَٱلرُّكَّعِ ٱلسُّجُودِ = സുജൂദിനു കുനിയുന്നവർക്കും(നമിക്കുന്നവർക്കും സാഷ്ടാംഗം പ്രണമിക്കുന്നവർക്കും)

وَأَذِّن فِى ٱلنَّاسِ = നീ ജനത്തിൽ വിളംബരം ചെയ്യുക

بِٱلْحَجِّ = ഹജ്ജുകൊണ്ട്(ഈ മന്ദിരത്തിലേക്ക് തീർഥാടനം ചെയ്യാൻ)

يَأْتُوكَ = അവർ നിന്റെയടുക്കൽ വന്നെത്തിക്കൊള്ളും رِجَالًا = കാൽനടക്കാരായി

وَعَلَىٰ كُلِّ ضَامِرٍ = എല്ലാ മെലിഞ്ഞ സവാരിമൃഗങ്ങളിന്മേലായും(വാഹനങ്ങളിലേറിയും)

يَأْتِينَ = (താണ്ടി) വരുന്നവയായ مِن كُلِّ فَجٍّ عَمِيقٍ = അഗാധമായ മലമ്പാതകളൊക്കെയും

**26.** **ക**അ്ബാലയത്തിന്റെ ചരിത്രത്തിലേക്കും അതിന്റെ സ്ഥാപനോദ്ദേശ്യത്തിലേക്കും വെളിച്ചം വീശുകയാണിവിടെ. وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ എന്ന വാക്യം രണ്ടുതരത്തിൽ തർജമ ചെയ്യപ്പെടാറുണ്ട്. ഒന്ന്, ഇബ്റാഹീമിന് നാം അൽബൈത്തിന്റെ– ദൈവമന്ദിരത്തിന്റെ– സ്ഥലത്ത് ആവാസമൊരുക്കിക്കൊടുത്തത് ഓർക്കുക. രണ്ട്, ഇബ്റാഹീമിനു നാം അൽബൈത്തിന്റെ സ്ഥാനം നിർണയിച്ചു കൊടുത്തതോർക്കുക. രണ്ടു തർജമകളും സാധുവാണ്. രണ്ടിന്റെയും സാരാംശം ഒന്നാകുന്നു. എങ്കിലും ഭാഷാപരമായി കൂടുതൽ ഔചിത്യമുള്ളത് ഒന്നാമത്തെ തർജമക്കാണ്. അധിവസിപ്പിച്ചു, പാർപ്പിടമൊരുക്കിക്കൊടുത്തു എന്നാണ് بوأ യുടെ ഭാഷാർഥം. بوأنا ابراهيم എന്നു പറഞ്ഞാലും ഇബ്റാഹീമിനെ പാർപ്പിച്ചു എന്ന അർഥം ലഭിക്കും. لإبراهيم എന്ന് ل ചേർത്തു പറഞ്ഞത് സംഭവത്തിന്റെ ഗൗരവവും മഹത്വവും സൂചിപ്പിക്കാനാണ്. മക്കയെ പാർപ്പിടമാക്കിക്കൊടുത്തത് ഇബ്റാഹീം നബിക്കു മാത്രമല്ല അദ്ദേഹത്തിന്റെ സന്തതികൾക്കു കൂടിയാണെന്ന് ل ശബ്ദം സൂചിപ്പിക്കുന്നതായും അഭിപ്രായമുണ്ട്. ഇബ്റാഹീമിനെ(അ) അൽബൈത്തിന്റെ സ്ഥലത്ത് പാർപ്പിച്ചതിന്റെ അല്ലെങ്കിൽ അദ്ദേഹത്തിന് അൽബൈത്തിന്റെ സ്ഥാനം നിർണയിച്ചു കൊടുത്തതിന്റെ ഉദ്ദേശ്യമാണ് أَن لَّا تُشْرِكْ......ٱلسُّجُودِ എന്ന വാക്യം വ്യക്തമാക്കുന്നത്. കഅ്ബാലയം ആദ്യം നിർമിച്ചത് ഇബ്റാഹീം നബിയായിരുന്നില്ല. നേരത്തെ നശിച്ചുപോയ കഅ്ബയുടെ പുനർനിർമാതാവാണദ്ദേഹം. ഇക്കാര്യം *ഖുർആൻ ബോധനം അൽ അഅ്റാഫ്* 96-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിട്ടുണ്ട്.

ഇബ്റാഹീ(അ)മിന്റെ ഹിജ്റക്കുശേഷം അല്ലാഹു അദ്ദേഹത്തെയും പുത്രൻ ഇസ്മാഈലിനെയും മക്കയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. അവർക്ക് കഅ്ബ നിലനിന്നിരുന്ന സ്ഥാനം കാണിച്ചുകൊടുക്കുകയും, അതു പുനർനിർമിക്കാനും അതിനെ അല്ലാഹുവിനെ ആരാധിക്കുന്നവരുടെ അവലംബകേന്ദ്രമായി ശുദ്ധീകരിച്ചു പരിപാലിക്കാനും തീർഥാടകർക്ക് വേണ്ട സൗകര്യങ്ങളും സേവനങ്ങളും ഒരുക്കിക്കൊടുക്കാനും കൽപിക്കുകയും ചെയ്തു. അറബികൾക്ക് തങ്ങളുടെ ഈ ചരിത്രം മൊത്തത്തിൽ അറിയാമായിരുന്നു. ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും പിന്മുറക്കാരും അവരുടെ ആദർശങ്ങളുടെ അനന്തരാവകാശികളുമാണെന്നതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. പക്ഷേ, കഅ്ബയും ഇബ്റാഹീമും(അ) തമ്മിലുള്ള ബന്ധം സാക്ഷ്യപ്പെടുത്തുന്ന വചനങ്ങൾ അന്ത്യപ്രവാചകന്റെ ആഗമനത്തിനു മുമ്പേ യഹൂദർ ബൈബിളിൽ നിന്നു നീക്കം ചെയ്യുകയോ തിരുത്തുകയോ ചെയ്തു. അങ്ങനെ അന്ത്യപ്രവാചകന്റെ ആഗമനം ഇസ്മാഈല്യരിലായിരിക്കുമെന്നതിന്റെ തെളിവുകൾ മായ്ച്ചുകളയുകയായിരുന്നു അവർ. ഹിജ്റക്കു ശേഷം ഇബ്റാഹീം നബി ശാമിൽ സ്ഥിരവാസം ചെയ്യുകയായിരുന്നു. മക്കയിൽ അദ്ദേഹം പാർത്തിട്ടില്ല, അദ്ദേഹത്തിന്റെ ബലിപുത്രൻ ഇസ്ഹാഖ് ആണ്, മക്കയിൽ വളർന്ന ഇസ്മാഈൽ അല്ല എന്ന അവരുടെ വാദമനുസരിച്ച് മർവ, മക്ക, കഅ്ബ എന്നിവയുമായി ബന്ധപ്പെട്ട സകല ചരിത്ര ചിഹ്നങ്ങളെയും തിരുത്തിയെഴുതി മൂടിവെക്കാൻ ശ്രമിച്ചു. പക്ഷേ, സൂര്യപ്രകാശംപോലെ സുവ്യക്തമായ യാഥാർഥ്യം എങ്ങനെ മൂടിവെച്ചാലും ഏതെങ്കിലും സുഷിരങ്ങളിലൂടെ കിരണങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കും. യഹൂദ ഗൂഢാലോചനയുടെ മൂടുപടം തുളച്ചു കടക്കുന്ന സാക്ഷ്യങ്ങൾ തൗറാത്തിൽ ഇന്നുമുണ്ട്. സൂറ *അൽബഖറ* 122–141 സൂക്തങ്ങളുടെ വിശദീകരണങ്ങളിൽ *ഖുർആൻ ബോധനം* അതു സൂചിപ്പിച്ചിട്ടുണ്ട്.

أَن لَّا تُشْرِكْ بِى.......... എന്നു തുടങ്ങുന്ന വാക്യത്തിന്റെ ഉള്ളടക്കം *അൽബഖറ* 125-ാം സൂക്തത്തിൽ ചെറിയ വ്യത്യാസത്തോടെ വന്നിട്ടുണ്ട്.

وَعَهِدۡنَآ إِلَىٰٓ إِبۡرَٰهِـۧمَ وَإِسۡمَـٰعِيلَ أَن طَهِّرَا بَيۡتِىَ لِلطَّآئِفِينَ وَٱلۡعَـٰكِفِينَ وَٱلرُّكَّعِ ٱلسُّجُودِ

"പ്രദക്ഷിണം ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും നമിക്കുകയും പ്രണമിക്കുകയും ചെയ്യുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ പരിശുദ്ധമാക്കി വെയ്ക്കുക എന്ന് ഇബ്റാഹീമിനോടും ഇസ്മാഈലിനോടും നാം ബലമായി കൽപിച്ചിട്ടുണ്ടായിരുന്നു." ഈ കൽപന ഇബ്റാഹീമിനും ഇസ്മാഈലിനും(അ) ശേഷം എല്ലാ സത്യവിശ്വാസികളോടുമുള്ളതാകുന്നു. മസ്ജിദുൽ ഹറാമിനെ ആത്മീയവും ധാർമികവും ഭൗതികവുമായ എല്ലാ മാലിന്യങ്ങളിൽനിന്നും മുക്തമാക്കി ഏകദൈവത്തെ മാത്രം ആരാധിക്കാനുള്ള മന്ദിരമാക്കി സൂക്ഷിക്കേണ്ടതും, അവിടെയെത്തുന്ന തീർഥാടകർക്ക് സേവനസൗകര്യങ്ങളേർപ്പെടുത്തേണ്ടതും അതതുകാലത്ത് അതിന്റെ കൈകാര്യം ഏറ്റെടുക്കുന്ന തദ്ദേശീയരുടെ ഉത്തരവാദിത്തമാകുന്നു. അവരെ അതിനു സഹായിക്കാൻ മറ്റു മുസ്‌ലിംകൾക്കും ബാധ്യതയുണ്ട്. അല്ലാഹുവല്ലാതെ ആരും അതിന്റെ ഉടമസ്ഥരോ കുത്തകാധികാരികളോ ആകുന്നില്ല.

**27.** أذنَ യുടെ ശാസനാരൂപം (أمر) ആണ് اذّن. ഈ പദത്തിന്റെ അർഥം *ഖുർആൻബോധനം* നേരത്തെ 9:3 സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. راجل(കാൽനടക്കാരൻ)ന്റെ ബഹുവചനമാണ് رجال. മനുഷ്യൻ, വ്യക്തി, പുരുഷൻ എന്നീ അർഥങ്ങളിലുള്ള رجل ന്റെ ബഹുവചനവും رجال തന്നെയാണ്. ദീർഘയാത്രമൂലം മെലിഞ്ഞുപോയ ഒട്ടകത്തിനും കുതിരക്കും ضامر എന്നുപറയും. പുല്ലിംഗമായും സ്ത്രീലിംഗമായും ഈ പദം ഉപയോഗിക്കും. മെലിഞ്ഞ എന്ന ഗുണത്തെ ഊന്നാനാണ് അതിന്റെ മുമ്പിൽ كل ചേർത്തിരിക്കുന്നത് എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത് 'അതിദീർഘ സഞ്ചാരത്താൽ ഏറെ മെലിഞ്ഞുപോയ ഒട്ടകങ്ങളിൽ' എന്നാണ് عَلَىٰ كُلِّ ضَامِرٍ എന്ന വാക്കിന്റെ താൽപര്യം. മലകൾക്കിടയിലൂടെയുള്ള പാതയാണ് فجّ. ആഴമുള്ളതാണ് عميق. ഉയർന്ന മലകൾക്കിടയിലൂടെയുള്ള പാത പ്രത്യക്ഷത്തിൽ ആഴമേറിയ കിടങ്ങുപോലിരിക്കുമല്ലോ. മലയിടുക്കുകളിലൂടെയുള്ള പാതകൾക്ക് വാഹനങ്ങളുടെയും കാൽനടക്കാരുടെയും സഞ്ചാര ബാഹുല്യം മൂലം ആഴം വർധിക്കുന്നതുകൊണ്ടാണിങ്ങനെ വിശേഷിപ്പിച്ചതെന്നും അഭിപ്രായമുണ്ട്. അതിവിദൂരവും ദുർഘടവുമായ പാതകൾ താണ്ടി ലോകത്തിന്റെ സകലദിക്കുകളിൽനിന്നും ജനങ്ങൾ മക്കയിലെത്തും എന്നാണ് താൽപര്യം. കഅ്ബയുമായി ബന്ധപ്പെട്ട് അല്ലാഹു ഇബ്റാഹീം നബിക്കു നൽകിയ രണ്ടാമത്തെ കൽപനയാണിത്. മുൻ സൂക്തത്തിൽ പരാമർശിച്ചതാണ് ഒന്നാമത്തേത്. ഈ മന്ദിരം സന്ദർശിക്കാൻ എല്ലാ മനുഷ്യരോടും ആഹ്വാനം ചെയ്യുക. അനുഗ്രഹ സൗഭാഗ്യങ്ങളുടെ ഈ സ്രോതസ്സ് പ്രയോജനപ്പെടുത്താൻ സമീപദേശങ്ങളിൽനിന്നും വിദൂരദേശങ്ങളിൽനിന്നും ആളുകൾ എത്തിച്ചേരട്ടെ. ഖുറൈശികൾ കരുതുന്നതുപോലെ മസ്ജിദുൽ ഹറാം അവരുടെ കുത്തകയല്ലെന്നും ലോകജനതക്ക് മുഴുവൻ അവകാശപ്പെട്ടതാണെന്നുമുള്ള സൂചന വാക്യത്തിലുമുണ്ട്.

يَأۡتُوكَ..........عَمِيقٍ എന്ന വാക്യം ഇബ്റാഹീം നബിയുടെ ആഹ്വാനം കേട്ടെത്തുന്നവരുടെ ആധിക്യവും ആഭിമുഖ്യവും ആവേശവും വികാരവുമെല്ലാം ധ്വനിപ്പിക്കുന്നുണ്ട്. നാലായിരം കൊല്ലത്തിനുശേഷം ഇന്നും ഹജ്ജ്കാലത്ത് മസ്ജിദുൽഹറാമിലെ മത്വാഫും മക്കാ തെരുവുകളും മിനായും അറഫാ മൈതാനവുമെല്ലാം അത് അത്യുജ്ജ്വലമായി സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആദികാലത്ത് കടൽത്തീരത്തുനിന്നകന്നു സ്ഥിതിചെയ്യുന്ന മക്കയിലെത്താനുള്ള മാധ്യമം ഒട്ടകങ്ങളും കഴുതകളും കുതിരകളുമൊക്കെയായിരുന്നു. ഇന്നവ മോട്ടോർ വാഹനങ്ങൾക്കും വിമാനങ്ങൾക്കും കപ്പലുകൾക്കും വഴിമാറിയിരിക്കുന്നു. ആണ്ടുതോറും ഹാജിമാരുടെ സംഖ്യ വർധിച്ചുകൊണ്ടേയിരിക്കുന്നതിനാൽ ഹറം പരിപാലകരും ഹാജിമാരുടെ രാജ്യങ്ങളിലെ സർക്കാറുകളും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നിർബന്ധിതരായിരിക്കുന്നു. ഏതു സാഹചര്യത്തിലും ഹാജിമാരുടെ ആഗമനത്തിന് നിയന്ത്രണമേർപ്പെടുത്തുന്നത് മസ്ജിദുൽഹറാം വിലക്കൽ صدّ عن المسجد الحرام ആണെന്ന് ചില ഫുഖഹാക്കൾ വിധിച്ചിരിക്കുന്നു. അത്തരം നിയന്ത്രണമേർപ്പെടുത്തുന്നത് അമുസ്‌ലിം ഗവൺമെന്റാണെങ്കിൽ പോലും മുസ്‌ലിംകൾ കഴിവിൻപടി എതിർക്കണമെന്നാണ് അവരുടെ നിലപാട്. പക്ഷേ, ഇന്നത്തെ ജനബാഹുല്യം ചില നിയന്ത്രണങ്ങൾ അനിവാര്യമാക്കുന്നുണ്ടെന്ന് ഇക്കാലത്ത് ഹജ്ജിനുപോകുന്നവർക്കെല്ലാം ബോധ്യമാകും. ഒരു നിയന്ത്രണവുമില്ലാതെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും നിരവധി ജനലക്ഷങ്ങൾ ഒഴുകിയെത്തിയാൽ അവർക്ക് മസ്ജിദുൽഹറാമിൽ കാലുകുത്താൻ പോലും ഇടമുണ്ടാവില്ല. എന്നിരിക്കെ മറ്റു സൗകര്യങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. മുസ്‌ലിം നാടുകളും അമുസ്‌ലിം നാടുകളും ഹജ്ജ് യാത്രക്ക് ഏർപ്പെടുത്തുന്ന ക്വാട്ട സമ്പ്രദായം ഇന്നൊരാവശ്യമാണ്. എന്നാൽ അതിന്റെ പേരിൽ ഹാജിമാരിൽനിന്ന് പണം ഈടാക്കുന്നതും വിസയടിക്കാൻ കനത്ത ഫീസ് ഈടാക്കുന്നതും صدّ عن المسجد الحرام ന്റെ ഗണത്തിൽ പെടുന്നു. തദ്ദേശീയർക്കും അവരുടെ സർക്കാറിനും മസ്ജിദുൽ ഹറാമിന്റെ പരിപാലനം താങ്ങാനാവുന്നില്ലെങ്കിൽ അവരത് താങ്ങാൻ കഴിയുന്ന മറ്റുള്ളവർക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്.

■